# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 1283 30.01.2018 -ൽ മറുപടിയ്ക്ക്

## സ്കൂളുകൾക്ക് ഐ.റ്റി.ഉപകരണങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ . എ.പി.അനിൽ കുമാർ | പ്രൊഫ : സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകൾക്ക് ഐ.റ്റി.ഉപകരണങ്ങൾ വാങ്ങുന്നതിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പരിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ; | (എ) ഉണ്ട് ; പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്കൂളുകൾക്കും ഓഫീസുകൾക്കും ആവശ്യമായ മുഴുവൻ ഐ.സി.ടി ഹാർഡ് വെയർ ഉപകരണങ്ങളും വാങ്ങുന്നതിനും വിന്യസിക്കുന്നതിനുമായി 06.01.2018-ലെ സ.ഉ.(സാധാ) നം. 97/2018/പൊ.വി.വ.നമ്പർ.സർക്കാർ ഉത്തരവ് പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ സ്ഥാപനങ്ങളും പ്രോജക്ടും നേരിട്ടും, എം.എൽ.എ / എം.പി / തദ്ദേശ ഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഫണ്ടുപയോഗിച്ചും നടപ്പാക്കുന്ന ഒറ്റപ്പെട്ട വാങ്ങലുകൾക്കും ഈ നിർദ്ദേശങ്ങൾ ബാധകമാക്കിയ തോടൊപ്പം വിവിധ ഐ.സി.ടി.ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ , വില, വില്പനാന്തര സേവന വ്യവസ്ഥകൾ എന്നിവയും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഇപ്രകാരം വാങ്ങുന്ന ഉപകരണങ്ങൾക്ക് വാറണ്ടി ഉറപ്പാക്കുന്നതിനും പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) ഉണ്ട് ; ഉപകരണങ്ങൾക്ക് അഞ്ചു വർഷത്തെ വാറണ്ടി നിർബന്ധമാക്കിയിട്ടുണ്ട്.പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള കോൾസെന്റർ നമ്പർ, വെബ് പോർട്ടൽ അഡ്രസ് എന്നിവ സ്കൂളുകൾക്ക് ലഭ്യമാക്കുന്നതിനും പരാതികൾ രണ്ടു പ്രവൃത്തി ദിവസങ്ങൾക്കകം അറ്റന്റ് ചെയ്യേണ്ടതിനും പരമാവധി അഞ്ചു പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ പരിഹരിക്കുന്നതിനും അല്ലാത്തപക്ഷം പ്രതിദിനം നൂറു രൂപ നിരക്കിൽ പിഴ (പരമാവധി ഉപകരണത്തിന്റെ വിലയുടെ 10% എന്ന നിലയിൽ) ഈടാക്കുന്നതിനും സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) ക്ലാസ്റൂം ഹൈടെക്ക് ആക്കി മാറ്റുന്നതിന് വാങ്ങാവുന്ന ഉപകരണങ്ങൾ എന്തൊക്കെയാണ് ; സ്കൂളുകളിൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ മാത്രമേ ഉപയോഗിക്കാവൂ എന്ന നിബന്ധന കൊണ്ടുവന്നിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) ഹൈടെക്/സ്മാർട്ട് ക്ലാസ്റൂമിന് ആവശ്യമുള്ളത് ലാപ്ടോപ്പ് കമ്പ്യൂട്ടർ, സീലിംഗിൽ ഉറപ്പിച്ചിട്ടുള്ള മൾട്ടിമീഡിയ പ്രൊജക്ടർ, പ്രൊജക്ഷന് അനുയോജ്യമായ രീതിയിൽ പെയിന്റടിച്ച ഭിത്തി/സ്ക്രീൻ, യു.എസ്.ബി. സ്പീക്കർ, ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് എന്നിവയാണ്. സ്കൂളുകളിൽ പ്രൊപ്രൈറ്ററി ആയതും ലൈസൻസ് നിബന്ധനകൾ ഉള്ളതും ആയ സോഫ്റ്റ് വെയറുകൾ യാതൊരു കാരണവശാലും വിന്യസിക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - ഹൈടെക് സ്‌കൂൾ പ്രോജക്റ്റ് - പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്കൂളുകൾക്കും ഓഫീസുകൾക്കും ആവശ്യമായ മുഴുവൻ ഐ.സി.ടി ഹാർഡ്‌വെയർ ഉപകരണങ്ങൾ വാങ്ങുന്നതിനും വിന്യസിക്കുന്നതിനും പുതുക്കിയ മാർഗനിർദ്ദേശങ്ങൾ ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്**

**സ.ഉ.(സാധാ)നം.97/2018/പൊ.വി.വ.** തിരുവനന്തപുരം,തീയതി,06.01.2018

പരാമർശം:-
1. സ.ഉ.(സാധാ) നം. 2777/2016/പൊ.വി.വ തീയതി 26.08.2016
2. സ.ഉ.(സാധാ) നം. 460/2017/പൊ.വി.വ തീയതി 20.02.2017
3. സ.ഉ.(സാധാ) നം. 2515/2017/പൊ.വി.വ തീയതി 30.07.2017
4. കൈറ്റ് വൈസ്-ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22.12.2017 ലെ കൈറ്റ്/2017/1515-6(14) നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ.സി.ടി. ഹാർഡ്‌വെയർ ഉപകരണങ്ങൾ വിവിധ സർക്കാർ ഫണ്ടുകൾ ഉപയോഗിച്ച് വാങ്ങുന്നതിനുള്ള മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വില്പനാനന്തര സേവന വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് വിവിധ വിഷയങ്ങൾ പരിശോധിക്കുന്നതിനും നിശ്ചയിക്കുന്നതിനും, കൈറ്റിന്റെ (ഐടി@സ്കൂൾ) മേൽനോട്ടത്തിൽ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു സാങ്കേതിക സമിതി രൂപീകരിച്ച് ഉത്തരവായിരുന്നു.

സർക്കാർ ചുമതലപ്പെടുത്തിയ വിദഗ്ദ്ധരായ സാങ്കേതിക സമിതിയുടെ മേൽനോട്ടത്തിൽ കെൽട്രോൺ ദേശീയ ടെണ്ടർ നടത്തി ലഭിച്ച വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ സാങ്കേതിക സമിതി നിർദ്ദേശിച്ച ശിപാർശകൾ അംഗീകരിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറത്തിറക്കിയ മാർഗനിർദ്ദേശങ്ങൾ പരാമർശം (2), (3) പ്രകാരം സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചിരുന്നു.

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 8 മുതൽ 12 വരെ ക്ലാസുകൾ ഹൈടെക് ആക്കുന്നതുമായി ബന്ധപ്പെട്ട് കൈറ്റ് ദേശീയ ടെണ്ടർ നടത്തി ലഭിച്ച പുതിയ വില വിവരങ്ങൾ ഉൾപ്പെടുത്തി പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ 20.12.17 ന കൂടിയ സാങ്കേതിക സമിതി അംഗീകരിച്ചതായി കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചതോടൊപ്പം പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് പരിഷ്കരിക്കണമെന്നും പരാമർശം (4) ലെ കത്ത് മുഖാന്തിരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പൊതു വിദ്യാഭ്യാസ / HSS / VHSE വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്‌കൂളുകൾക്കും ആവശ്യമായ ഐ.സി.ടി ഹാർഡ്‌വെയർ ഉപകരണങ്ങൾ സർക്കാർ എം.പി/ എം.എൽ.എ /തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഫണ്ടുപയോഗിച്ചുള്ള വാങ്ങലുകൾക്കും ഒറ്റപ്പെട്ട വാങ്ങലുകൾക്കും, ആയത് വിന്യസിക്കുന്നതിനും പരാമർശം (2), (3) പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ താഴെപ്പറയുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തി പരിഷ്കരിച്ച് ഉത്തരവാകുന്നു.

1. ലാപ്ടോപ്പ്, പ്രൊജക്ടർ, സ്ക്രീൻ, 3 കെ.വി.എ യു.പി.എസ്, വൈറ്റ് ബോർഡ്, യു.എസ്.ബി സ്പീക്കർ, പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ് എന്നിവ സർക്കാർ ഫണ്ടുപയോഗിച്ച് വാങ്ങുമ്പോൾ ആവശ്യമായ മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വില്പനാനന്തര സേവന വ്യവസ്ഥകൾ എന്നിവ **അനുബന്ധം** ആയി ചേർത്തിട്ടുള്ള മാർഗനിർദ്ദേശങ്ങൾ അനുസരിച്ച് ആയിരിക്കണം വാങ്ങേണ്ടത്.

2. സർക്കാർ സ്ഥാപനങ്ങളും പ്രോജക്ടുകളും നേരിട്ടും, എം.എൽ.എ/എം.പി/തദ്ദേശ ഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഫണ്ടുപയോഗിച്ചും നടപ്പാക്കുന്ന ഒറ്റപ്പെട്ട വാങ്ങലുകൾക്കും ഈ വ്യവസ്ഥകൾ ബാധകമായിരിക്കും.

3. സ്കൂളുകളിലേക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കും നൽകുന്ന എല്ലാ ഐ.സി.ടി ഉപകരണങ്ങൾക്കും അഞ്ച് വർഷം വാറണ്ടി ഉറപ്പാക്കണം. അനുബന്ധമായി നൽകിയ മാർഗനിർദ്ദേശങ്ങളിൽ നൽകിയിട്ടുള്ള തുകയ്ക്ക് ഉപരിയായി ഇൻസ്റ്റലേഷൻ, ട്രാൻസ്പോർട്ടേഷൻ തുടങ്ങിയ പ്രത്യേക ചാർജ്ജുകൾ ഈടാക്കാൻ പാടില്ല.

4. ഹൈടെക്/സ്മാർട്ട് ക്ലാസ് റൂമിന് ആവശ്യമായിട്ടുള്ളത് ലാപ്ടോപ്പ്, സീലിങ്ങിൽ ഉറപ്പിച്ചിട്ടുള്ള മൾട്ടിമീഡിയ പ്രൊജക്ടർ, പ്രൊജക്ഷന് അനുയോജ്യമായ രീതിയിൽ പെയിന്റടിച്ച ഭിത്തി/സ്ക്രീൻ, യു.എസ്.ബി സ്പീക്കർ, ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് എന്നിവയാണ്.

5. പോർട്ടബിലിറ്റി, പവർ ബാക്ക്അപ്, വൈദ്യുതി ഉപയോഗം തുടങ്ങിയവ പരിഗണിച്ച് ലാപ്ടോപ് കമ്പ്യൂട്ടറുകളാണ് സ്കൂളുകളിൽ വിന്യസിക്കേണ്ടത്. മാർഗനിർദ്ദേശങ്ങളിൽ പരാമർശിക്കാത്ത ഉപകരണങ്ങൾ അത്യാവശ്യമെന്ന തോന്നുന്ന പക്ഷം ഉപകരണമൊന്നിന് 15,000/- (പതിനയ്യായിരം രൂപ മാത്രം) രൂപയിൽ കവിയാതെയും മൊത്തം പ്രോജക്ട് തുക 50,000/- (അൻപതിനായിരം രൂപ മാത്രം) രൂപയിൽ കവിയാതെയും സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ പാലിച്ച് വാങ്ങാവുന്നതാണ്.

6. വിതരണക്കാർ പ്രഥമാധ്യാപകനും സ്കൂൾ കോ-ഓർഡിനേറ്റർക്കും ഉപകരണങ്ങൾ പ്രവർത്തിപ്പിച്ച് കാണിക്കേണ്ടതാണ്. എല്ലാ ഐ.സി.ടി ഉപകരണങ്ങളിന്മേലും ഇൻസ്റ്റലേഷൻ തീയതി, വാറന്റി പിരീഡ്, സർവീസ് നടത്തേണ്ട സ്ഥാപനം/വ്യക്തിയുടെ വിശദാംശങ്ങൾ എന്നിവ രേഖപ്പെടുത്തേണ്ടതാണ്.

7. ഉപകരണങ്ങൾ വിതരണം ചെയ്യുന്നവർ പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള കാൾസെന്റർ നമ്പർ, വെബ് പോർട്ടൽ അഡ്രസ് എന്നിവ സ്കൂളുകൾക്ക് ലഭ്യമാക്കേണ്ടതാണ്.

8. ഹാർഡ്വെയർ പരാതികൾ വിതരണക്കാർ 2 പ്രവൃത്തി ദിവസങ്ങൾക്കകം അറ്റൻഡ് ചെയ്യേണ്ടതും, പരമാവധി അഞ്ച് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ പരിഹരിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം പ്രതിദിനം 100/- രൂപ നിരക്കിൽ പിഴ (പരമാവധി ഉപകരണത്തിന്റെ വിലയുടെ 10% എന്ന നിലയിൽ) ഈടാക്കേണ്ടതാണ്.

9. നിലവിലുള്ള നിയമങ്ങൾ പാലിച്ച് മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി ഉപകരണങ്ങൾ സംസ്ഥാന സർക്കാർ റേറ്റ് കോൺട്രാക്റ്റ് ഏജൻസിയായി നിശ്ചയിച്ചിട്ടുള്ള കെൽട്രോൺ വഴിയും വാങ്ങാവുന്നതാണ്.

10. എസ്.സി.ഇ.ആർ.ടി / എസ്.സി.ഇ.ആർ.ടി നിർദ്ദേശിക്കുന്ന ഏജൻസി അംഗീകരിച്ചശേഷം മാത്രമേ സ്കൂളുകളിലേക്ക് ഡിജിറ്റൽ ഉള്ളടക്കം, ഡിജിറ്റൽ ലൈബ്രറികൾ തുടങ്ങിയ അക്കാദമിക് കണ്ടന്റ് ലഭ്യമാക്കാവൂ. പ്രൊപ്രൈറ്ററി ആയതും ലൈസൻസ് നിബന്ധനകൾ ഉള്ളതും ആയ സോഫ്റ്റ്വെയറുകൾ സ്കൂളുകളിൽ യാതൊരു കാരണവശാലും വിന്യസിക്കാൻ പാടില്ല.

11. ഈ മാർഗനിർദ്ദേശങ്ങൾക്കനുസൃതമല്ലാത്ത ഐ.സി.ടി പ്രൊപ്പോസലുകൾ സ്കൂളുകളിലും സ്ഥാപനങ്ങളിലും നടപ്പാക്കാനായി പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളോ പൊതുമേഖലാ സ്ഥാപനങ്ങളോ (ടി.എസ്.പി കൾ) സർക്കാർ ഫണ്ട് പ്രയോജനപ്പെടുത്തുന്ന പദ്ധതികൾക്കായി (എം.പി./എം.എൽ.എ./തദ്ദേശഭരണ സ്ഥാപനങ്ങൾ) പരിഗണിക്കുവാൻ പാടുള്ളതല്ല.

12. മേൽ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി വിവിധ സ്കീമുകൾക്ക് സമർപ്പിക്കുന്ന ഐ.സി.ടി. പ്രൊപ്പോസലുകൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്രത്യേകം സാങ്കേതിക അനുമതി ആവശ്യമില്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ.ഷാജഹാൻ**

**സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, തിരുവനന്തപുരം
എല്ലാ എം.പി.മാർക്കും
എല്ലാ എം.എൽ.എ.മാർക്കും
സി.ഇ.ഒ., പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, തിരുവനന്തപുരം
സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
സെക്രട്ടറി, ഐ.റ്റി. വകുപ്പ്
സെക്രട്ടറി, ധനകാര്യ വകുപ്പ്
ഡയറക്ടർ, എസ്.സി.ഇ.ആർ.റ്റി., തിരുവനന്തപുരം
ഡയറക്ടർ, എസ്.ഐ.ഇ.റ്റി., തിരുവനന്തപുരം
ഡയറക്ടർ, സീമാറ്റ്, തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ., തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, ആർ.എം.എസ്.എ., തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, ഐ & പിആർഡി,തിരുവനന്തപുരം (വെബ് സൈറ്റ് മുഖാന്തിരം പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

ANNEXURE

| 1. Laptop Computer | Maximum Price (Inclusive of GST) **Rs. 31,000.00** |
|---|---|
| **Parameters** | **Minimum Specification** |
| Processor | Intel Core i3 - 6006U Processor |
| Mother Board | OEM Mother Board |
| Memory | 4 GB DDR3L SDRAM |
| Hard Disk | 500 GB, SATA 6 Gbps, 7200 RPM |
| Display | 14 inch HD 1366x768 resolution LED backlit TFT LCD screen WXGA |
| Graphics | Intel HD Graphics 520 |
| Optical Drive | 8X DVD-RW |
| Network connectivity | Dual band 802.11 b/g/n/ac Wireless LAN, Bluetooth, Gigabit Ethernet |
| Sound | Integrated Stereo speaker |
| Ports | Interface-I/O Ports (RJ45, 2 x USB 3.0, 1 x USB 2.0, HDMI, VGA port for External monitor, Microphone Jack, Headphone Jack, DC Jack for AC Adaptor) |
| Power Adapter | 230V, 50 Hz AC Power Adapter |
| Battery | Rechargeable 6 cell LI-ION Battery Pack |
| Mouse | USB Optical Scroll Mouse |
| Carry Case | Back Pack Carry bag |
| Keyboard Protector | Keyboard Protector Skin for Laptop |
| Operating System | IT@School Edubuntu 14.04 preloaded |
| Accessories and other items | Driver CD with all drivers for IT@School Edubuntu 14.04 |
| Certifications | ISO 9000 and 14000, EPEAT. |
| Warranty | Five year on site comprehensive warranty including Battery and Adapter |

| **2. Multimedia Projector** Maximum Price (Inclusive of 28% GST) **Rs. 23,860.00** | |
|---|---|
| **Parameters** | **Minimum Specification** |
| Native Resolution | XGA (1024x768) |
| Brightness | 3300 ANSI Lumens |
| Aspect Ratio: | 4:3 and 16:9 compatible |
| Input | HDMI, VGA, Composite A/V input to connect TV output, |
| Accessories | HDMI Cable 2.5 metre long , Audio and VGA cables, |
| Remote control | Remote control with battery |
| Certification | BIS certification |
| Warranty | Five year on site comprehensive warranty including Lamp. |

| **3. Projector Ceiling Mount Kit** - **Supply and installation** - Maximum Price (Inclusive of 18%GST) **Rs.4,900.00** | |
|---|---|
| **Parameters** | **Minimum specification** |
| Supply and installation of Projector Ceiling Mount kit including mounting hardware and accessories | 3 ft (1.5 ft length extendable up to 3 ft),<br>Universal type compatible with all Projector brands and models,<br>Pole made of Aluminum alloy, with mounting legs of CRCA powder coated.<br>Capable of fixing on all type of Roofing. |
| HDMI cable (length 10 mtr) | 1.4V high speed HDMI cable with 24k gold plated connectors that must be corrosion resistant, HDMI male to male connectors, Non-slip and Non-screw connectors,<br>should be able to withstand minimum pull force. Conductors 30 AWG Copper wire,<br>PVC Jacket, shielding level triple and shielding type Aluminum-Mylar, Dust cap on both ends, supports 1080P resolution, supports 10.2GB bandwidth and with ROHS compliance. |
| Wall Face Plate for HDMI | Wall Face Plate for HDMI (Metal Passive wall plate) with two HDMI female connectors (One fixed in front panel). HDMI connectors are to be gold plated and with ROHS compliance |
| Back box | Back box suitable for the above with mtg screws made of ABS plastic. |
| Power cabling for projector | Power cabling for projector – Around 15 mtrs of cable and 5 A plug top, Installation using Cap and Casing |
| Warranty | 5 years on site comprehensive. |

**4. 3KVA UPS** with Galvanic Isolation (built in isolation transformer) - Maximum Price (Inclusive of 18% GST) **Rs.64,270.00**

| **Parameters** | **Minimum specification** |
|---|---|
| Input | |
| Phase | Single |
| Frequency | 50Hz +/- 5% |
| Voltage | 160 V - 260 V AC |
| Output | |
| Phase | Single |
| Wattage | 2100W |
| AC Voltage | 220 V +/- 5% |
| KW Rating | 2400W ( 0.80 times of KVA rating) |
| Waveform | Sine Wave |
| Frequency | 50Hz +/- 1% |
| Transfer time, if applicable | < 6 ms |
| Power Factor | 0.8 Lagging (greater preferable) |
| Efficiency | 85% |
| APFC - | Needed |
| Change over to inverter | <160 V and >260 V |
| Protection | |
| Output | Over Voltage, Overload(cut off at 110%), Short Circuit/RF, Spike/surge |
| Battery | Under voltage; Cut off at 1.8V/cell |
| Battery Rack | Steel-powder coated |
| Visual Indication | Mains on, UPS on, Fault & Overload, Battery low |
| Audio Indication | Low battery / overload indication - Buzzer Change over to Inverter-Buzzer |
| Battery Charging | 6 to 8 hours |
| Output Control | With On/Off Switch |
| Environment | 0-45% C, RH 90% |
| Battery | SMF (4800 VAH) , Maximum number of batteries- 8 nos |
| Battery make | Rocket/Panasonic/Amron/Exide/Amara Raja/Quanta |
| Required | Operating manual and warranty card |
| Approvals | Type Approval test certificate of National Agencies ERTL, ETDC or SAMEER or BIS certification for the same Model for all specified parameters |
| Warranty | 5 Years Comprehensive On-Site including Battery. |

## 5. White board

- Maximum Price (Inclusive of 18% GST) **Rs.7,900.00**

| **Parameters** | **Specification** |
|---|---|
| White board | Non magnetic White writing board Ceramic coated non glossy semi mat surface used for both projection and writing |
| size | 6 feet x 4 feet |
| Thickness | 11 mm or above with Aluminium frame and nylon corners |
| Warranty | 5 Years onsite. |

## 6. Projector Screen

- Maximum Price (Inclusive of 18% GST) **Rs.2,200.00**

| **Parameters** | **Specification** |
|---|---|
| Projector Screen | Wall Type Pull Down Projection Screen - in a rugged case with Manual pull down, spring loaded mechanism for slow retraction, wrinkle free high definition white anti-glare matte finish fabric screen with back protection for light penetration, viewing angle minimum 160 deg wide(+/- 80 deg left and right), housing with powder coated finish, with all necessary mounting hardware for wall mounting |
| Size | 6ft X 4ft |
| Weight | maximum 8 kg |
| Warranty | 5 years onsite. |

## 7. USB Speaker

- Maximum Price (Inclusive of 18% GST) **Rs.770.00**

| **Parameters** | **Specification** |
|---|---|
| Type | 2.0 Multi Media Stereo Speaker |
| Power | USB Powered |
| Connectivity | Hardwired 3.5 mm connection (for audio) |
| Controls | Power and volume controls |
| Warranty | 5 years (Carry-in) |

Deep
SU